ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 302-ാം ദിവസം

സവൈ സത്കർമ്മണാം സാക്ഷാദ്ദ്വിജാതേരിഹ സംഭവ:
ആദ്യോƒങ്ഗ യത്രാശ്രമിണാം യഥാഹം ജ്ഞാനദോ ഗുരു: **(10-80-32)**
നന്വർത്ഥകോവിദാ ബ്രഹ്മൻ വർണ്ണാശ്രമവതാമിഹ
യേ മയാ ഗുരുണാ വാചാ തരന്ത്യഞ്ജോ ഭവാർണ്ണവം **(10-80-33)**
നാഹമിജ്യാപ്രജാതിഭ്യാം തപസോപശമേനവാ
തുഷ്യേയം സർവ്വഭൂതാത്മാ ഗുരുശുശ്രൂഷയാ യഥാ **(10-80-34)**

*ശുകമുനി തുടർന്നു:*
അക്കാലത്തവിടെ ദരിദ്രനായൊരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. കൃഷ്ണൻെറ പ്രിയമിത്രമായിരുന്നു ബ്രാഹ്മണൻ. വിജ്ഞാനിയായ അദ്ദേഹം ഗൃഹസ്ഥാശ്രമിയായി, ഭൗതീകവസ്തുക്കളോടും ഇന്ദ്രിയസുഖങ്ങളോടും ആസക്തികൂടാതെ കഴിഞ്ഞു വന്നു. അദ്ദേഹത്തിന് ഉടുവസ്ത്രങ്ങൾ പോലും വേണ്ടത്ര ഉണ്ടായിരുന്നില്ല. അതുകൊണ്ട് കുചേലൻ എന്ന പേരും വീണു. അദ്ദേഹത്തിൻെറ ഭാര്യക്കാകട്ടെ വേണ്ടത്ര ഉണ്ണാനുള്ള വകയുണ്ടായിരുന്നുമില്ല. അവർക്ക് ക്ഷുത്ക്ഷാമ എന്നും പേരുവന്നു. തൻെറ സുഹൃത്തായ കൃഷ്ണനെ ചെന്ന് കണ്ട് സഹായമഭ്യർത്ഥിക്കാൻ അവർ കുചേലനോട് പറയാറുണ്ട്. എന്നാൽ സമ്പത്തിനുവേണ്ടി ഭഗവാനോടു പ്രാർത്ഥിക്കുന്നതിൽ കുചേലന് ഇഷ്ടമുണ്ടായിരുന്നില്ല. അവസാനം ഭാര്യയുടെ നിർബ്ബന്ധത്തിന് വഴങ്ങി കൃഷ്ണനെ ചെന്ന് കാണാൻ അദ്ദേഹം തീരുമാനിച്ചു. "അദ്ദേഹത്തിന് സമ്മാനമായി കൊടുക്കാൻ നീ എന്താണെനിക്ക് തന്നയക്കുക?" അദ്ദേഹം ചോദിച്ചു. ബ്രാഹ്മണപത്നി അയൽപക്കങ്ങളിൽ നിന്നും യാചിച്ചു കൊണ്ടുവന്ന ഒരു പിടി അരിയിടിച്ചവിലാക്കി കുചേലൻെറ കയ്യിൽ കൊടുത്തയച്ചു.

ആനന്ദതുന്ദില ഹൃദയത്തോടെ കുചേലൻ ദ്വാരകയിൽ പ്രവേശിച്ചു. അവസാനം കൃഷ്ണസവിധത്തിലെത്തി. രുഗ്മിണിയേയും മറ്റുള്ള സഭാവാസികളേയുമെല്ലാം മറന്ന് കൃഷ്ണൻ ചാടിയെഴുന്നേറ്റ് ദരിദ്രനും അനുചിത വസ്ത്രധാരിയുമായ ബ്രാഹ്മണനെ എതിരേറ്റാലിംഗനം ചെയ്യാൻ ഓടിച്ചെന്നു. കൃഷ്ണൻ സ്വയം അദ്ദേഹത്തിൻെറ കാലു കഴുകി. തൻെറ ഇരിപ്പിടത്തിൽത്തന്നെ ആസനം നൽകി. രുഗ്മിണി കുചേലന് വിശറി വീശി. സഭാവാസികൾ അമ്പരന്നു. ആരാണീ ബ്രാഹ്മണൻ? കൊട്ടാരത്തിലുള്ള എല്ലാവരേക്കാൾ പ്രാധാന്യം അദ്ദേഹത്തിനെങ്ങിനെ വന്നു?

*കൃഷ്ണൻ ബ്രാഹ്മണനോടായി പറഞ്ഞു.*
ഗുരുകുലത്തിൽ നിന്നും പിരിഞ്ഞ ശേഷം സുഹൃത്തേ നിങ്ങൾ എന്തു ചെയ്തു? എന്നേപ്പോലുള്ളവർ ലോകത്ത് കുറച്ചുപേരെയുള്ളു. ധർമ്മത്തിനുഴിഞ്ഞുവെച്ച, ഇന്ദ്രിയ സൗഖ്യങ്ങളോട് ആസക്തിയേതുമില്ലാത്ത ജീവിതം നയിക്കുന്നവർ തുലോം വിരളം. ഗുരുകുലത്തിൽ നമുക്കെത്ര നല്ല സമയമായിരുന്നു. ഒരുവൻ ഇഹലോകത്തിൽ സ്വന്തം പിതാവിനോടും തൻെറ ഗുരുവിനോടും വിജ്ഞാനം നൽകുന്നയാളെന്ന നിലയ്ക്ക് ഭക്തിയുള്ളവനായിരിക്കണം. ഗുരുവിൻെറ വാക്കുകൾ അനുസരിച്ച് ഇഹലോക സംസാരസാഗരം കടക്കുന്നവർ മാത്രമേ ഫലപ്രദമായ ജീവിതം നയിക്കുന്നവരായുള്ളു. ഗുരുഭക്തിയേക്കാളും ഗുരുസേവയേക്കാളും വലുതല്ല യജ്ഞകർമ്മാദികളും തപസ്സും ധ്യാനവുമൊന്നും തന്നെ. താങ്കളോർക്കുന്നുണ്ടോ നാം അന്ന് ഗുരുപത്നിക്കായി വിറകു ശേഖരിക്കാൻ പോയതും പേമാരിയിൽ പെട്ടുഴറിയതും ഗുരു അന്വേഷിച്ചുവന്ന് അതീവ സന്തുഷ്ടനായതും? ആത്മത്യാഗപൂർവ്വമായ ഗുരുസേവയാണ് ഗുരുവിന് നൽകാവുന്ന ഏറ്റവും ഉചിതമായ പ്രതിഫലമെന്ന് ഗുരു അന്നു നമ്മോടുപദേശിച്ചു.

*കുചേലൻ പറഞ്ഞു.*
ശരിയാണ്, ഞാനോർമ്മിക്കുന്നു. എന്നാൽ ഞനേറ്റവും വലിയ സൗഭാഗ്യമെന്നു കരുതുന്നത് എല്ലാ വിജ്ഞാനങ്ങളുടെയും ലക്ഷ്യവും മാർഗ്ഗവുമായ അങ്ങയുടെ കൂടെയായിരുന്നു ഞാൻ ആ അനുഗ്രഹീത ഗുരുകുലത്തിൽ കഴിഞ്ഞത് എന്നതാണ്.